ഭരണഭാഷ – മാതൃഭാഷ

Website: www.keralapsc.gov.in

Email: kpsc@keralapsc.org
Telephone: 0471-2448165

# കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ

നമ്പർ : SRI-3/5/2019-KPSC തിരുവനന്തപുരം
തീയതി :24.11.2020

## പത്രക്കുറിപ്പ്

കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ വനം വകുപ്പിലെ ട്രൈബൽ വാച്ചർ തസ്തികയിലേക്ക് (ശമ്പളം : 8500 – 13210/-) 15.05.2013 ലെ G.O.(MS)No.53/2013/F&WLD, 23.08.2013 ലെ G.O.(MS)No.80/13/Forest എന്നീ സർക്കാർ ഉത്തരവുകളിലെ നിർദ്ദേശങ്ങൾക്കനുസൃതമായി വനത്തെ മാത്രം ആശ്രയിച്ച് കഴിയുന്ന ആദിവാസികൾക്ക വേണ്ടിയുള്ള പ്രത്യേക നിയമന പദ്ധതി പ്രകാരം കേരളത്തിലെ വനാതിർത്തിയിലോ വനത്തിലോ ഉള്ള ആദിവാസി സെറ്റിൽമെന്റുകളിൽ താമസിക്കുന്ന ആരോഗ്യവാന്മാരും, സാക്ഷരരുമായ ആദിവാസി പട്ടികവർഗ്ഗത്തിൽപ്പെട്ട യുവതീ യുവാക്കളിൽ നിന്നും മാത്രമായി ജില്ലാ അടിസ്ഥാനത്തിൽ അപേക്ഷകൾ ക്ഷണിക്കുന്നു.(കാറ്റഗറി നമ്പർ : 190/2020, ഗസറ്റ് തീയതി : 16.11.2020).

വയനാട് ജില്ലയിൽ മാത്രമാണ് അപേക്ഷകൾ ക്ഷണിച്ചിട്ടുള്ളത്. അപേക്ഷകൾ വിജ്ഞാപനത്തിൽ നൽകിയിട്ടുള്ള മാതൃകയിൽ തയ്യാറാക്കി അതാത് ജില്ലാ ആഫീസുകളിലേക്കാണ് അയയ്ക്കേണ്ടത്. പുരുഷന്മാർക്കും സ്ത്രീകൾക്കും അപേക്ഷിക്കാവുന്നതാണ്. അപേക്ഷകൾ വെള്ളക്കടലാസിലാണ് തയ്യാറാക്കി സമർപ്പിക്കേണ്ടത്. അപേക്ഷയുടെ മാതൃക, അപേക്ഷയോടൊപ്പം ഹാജരാക്കേണ്ട രേഖകൾ എന്നിവയ്ക്കായി വിജ്ഞാപനം കാണുക.

അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി : 23.12.2020 ബുധനാഴ്ച വൈകുന്നേരം 5 മണി വരെ.

**കേരള പബ്ലിക് സർവീസ് കമ്മീഷൻ**
**സെക്രട്ടറിക്കുവേണ്ടി**